# 'തളിർ'

**Little Kites - Digital Magazine**

Published by
CMS HS KUMPLAMPOIKA
Little Kite Unit

സി.എം എസ് ഹൈസ്കൂൾ കുമ്പളാംപൊയ്ക

## സന്ദേശം

ലിറ്റിൽ കൈറ്റ്സ് എന്ന പദ്ധതിയിലൂടെ ഡിജിറ്റൽ മാഗസിൻ എന്ന ഈ സംരഭത്തിൽ കുമ്പളാംപൊയ്ക സി എം എസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളും കൈകോർക്കുകയാണ്. വിദ്യാർഥികളിലെ നൈപുണികൾ വിവരവിനിമയ സാങ്കേതിക വിദ്യയുമായി ചേർത്തിണക്കി അതിൽ വൈദഗ്ദ്ധ്യവും അഭിരുചിയുമുള്ള തലമുറയെ വാർത്തെടുക്കാൻ കഴിയട്ടെ. 'തളിരി' ന് എല്ലാ ഭാവുകങ്ങളും നേരുന്നു.

ആശംസകളോടെ,

ഹെഡ്മാസ്റ്റർ

# ആമുഖം

പാഠപുസ്തകത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന കേവലമായ അറിവുകളുടെ വിനിമയത്തിനപ്പുറം അധ്യാപകന്റേയും വിദ്യാർഥിയുടേയും സജീവവും സമ്പൂർണ്ണവുമായ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകൃതവുമായ ഒരു വിദ്യാഭ്യാസപ്രക്രീയ രൂപപ്പെട്ടു വന്നിരിക്കുന്നു.വിവരവിനിമയ സാങ്കേതികവിദ്യ സങ്കേതങ്ങൾ സമർഥമായുംഫലപ്രദമായുംഉപയോഗിക്കാൻ കഴിവുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കാൻ ശ്രമിക്കുകയാണ് ലിറ്റിൽ കൈറ്റ്സ് എന്ന കൂട്ടായ്മയിലൂടെ. സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി 'ലിറ്റിൽ കൈറ്റ്സ് 'എന്ന കൂട്ടായ്മയിലൂടെ കഴിയട്ടെ എന്ന ആശംസകളോടെ

# ഉള്ളടക്കം


ഹെഡ്മാസ്റ്ററുടെ സന്ദേശം........................................................................................

ആമുഖം ..........................................................................................................

എന്റെ അമ്മ .....................................................................................................

ഗ്രീൻ ഹെൽത്തി ..............................................................................................

ആട്ടിൻകുട്ടി ......................................................................................................

കരിമ്പാറ ..........................................................................................................

അത്യാഗ്രഹം ആപത്ത് ........................................................................................

അക്കപ്പാട്ട് ........................................................................................................

നെൽച്ചെടി ........................................................................................................

മുയലിന്റെ മോഹം .............................................................................................

ചിരിയും കരച്ചിലും ............................................................................................

ആരാണ് ? ........................................................................................................

മഹാനിധി .........................................................................................................

മണ്ടൻ കുറുക്കൻ ...............................................................................................

Autobiography of a seed .............................................................................

നമ്മുടെ കുടുംബം ..............................................................................................

വായന വളരട്ടെ .................................................................................................

കാത്തിരിപ്പ് .........................................................................................................

A bus ride in Kerala .......................................................................................

പ്രീയസഖി ........................................................................................................

# എഡ്റ്റോറിയൽ ബോർഡ് അംഗങ്ങൾ

| | |
|---|---|
| സ്റ്റാഫ് എഡിറ്റർ | ശ്രീമതി. സുമംഗല റ്റി എസ് |
| സ്റ്റുഡന്റ് എഡിറ്റർ | മാസ്റ്റർ.ജസ്റ്റിൻ എബ്രഹാം |
| സബ് എഡിറ്റേഴ്സ് | മാസ്റ്റർ.എബിൻ വി മാത്യു |
| | മാസ്റ്റർ.ഭാഗ്യനാഥ് വി ആർ |

# എഡിറ്റോറിയൽ

ലിറ്റിൽ കൈറ്റ്സ് പദ്ധതിൽ അംഗങ്ങളായ വിദ്യാർഥികൾക്ക് വൈവിധ്യമാർന്ന ഐ ടി പരിശീലന പ്രവർത്തനങ്ങളിലൂടെ കടന്നുപോകാനുള്ള അവസരമാണ് ലഭിക്കുന്നത്. സാങ്കേതിക രംഗത്തെ വിവിധമേഖലകളിലുള്ള അടിസ്ഥാന നൈപുണികൾ കുട്ടികൾ പരിചയപ്പെടുന്നു.നൂതന സാങ്കേതികവിദ്യാലോകത്തേക്ക് വിദ്യാർഥികളെ കൈപിടിച്ചുയർത്തുന്ന തരത്തിൽ സ്കൂൾതലപ്രവർത്തനങ്ങൾ കൂടുതൽ അന്വേഷണാത്മകവും സർഗാത്മകവും ആകട്ടെ എന്നാശംസിക്കുന്നു.

# എന്റെ അമ്മ

കവിത

എൻ നെറുകയിൽ
തലോടി വിളിച്ചുണർത്തി
എൻ കവിളിൽ
മുത്തമിടുമെന്നമ്മ.


DEEPAJACOB PHOTOGRAPHY

എൻ ജനന ഹേതുവെൻ
അമ്മ തൻ കരങ്ങൾ
എന്നെ പുൽകി
നെഞ്ചോടു ചേർത്തു.

എൻ ദുഃഖങ്ങളിൽ
എൻ വേദനകളിൽ
എനിക്കാശ്വാസമാണെൻ
സ്നേഹത്തിൻ പര്യായമമ്മ.

സ്വാദുള്ള ആഹാരമുണ്ടാക്കി-
ത്തരുമെൻ അമ്മ
എൻ പഠനങ്ങളിൽ
സഹായിക്കുമെന്നമ്മ.

പ്രാർഥനകൾ പഠിപ്പിച്ച്
എന്നെ ദൈവത്തിലേക്ക്
നയിക്കുന്നു,മാതൃത്വം
തുളുമ്പുമെൻ അമ്മ

എൻ ജീവിതത്തിൽ
എനിക്കു താങ്ങും
തണലുമായെൻ അടുത്തു
വേണമെനിക്കെന്നമ്മയെ!

*മിനിക്കഥ*

## *ഗ്രീൻ ഹെൽത്തി*

*സദാനന്ദൻമാഷ് വായിച്ചു കൊടുക്കുന്ന കണക്കിലെ ചോദ്യം കുട്ടികൾ ശ്രദ്ധയോടെ എഴുതിയെടുക്കുകയാണ്.*

*ലാഭമോ നഷ്ടമോ എന്നു കണ്ടുപിടിക്കാനായിരുന്നു ചോദ്യം*

*കുട്ടികൾ ഉത്തരത്തിനായി തലപുകയ്ക്കുകയാണ്.*

*ക്ലാസ് നിശബ്ദം .*

*സദാനന്ദൻമാഷും കണക്കു കൂട്ടുകയായിരുന്നു, പുതിയ ശമ്പളസ്കെയിലിൽ തനിക്കു ലഭിക്കാൻ പോകുന്ന അധിക വരുമാനത്തെക്കുറിച്ച് ..*

*പെട്ടന്നാണ് ഷർട്ടിന്റെ കീശയിൽനിന്നു ഒരു പിടച്ചിൽ .*

*മൊബൈൽ ഫോണാണ്. വൈബ്രേഷൻ മോഡിലായിരുന്നു .*

*ക്ലാസിൽ മൊബൈൽ ഫോൺ ഉപയോകഗിക്കരുതെന്ന ഹെഡ്മാസ്റ്ററുടെ കർശന നിർദേശമുണ്ട്.*

*ഫോണിന്റെ വൈബ്രേഷൻ അയാളെ ഇക്കിളിപ്പെടുത്തി .*

*ക്ലാസിന്റെ പിന്നിലേക്കു മാറിനിന്ന് കുട്ടികൾ കാണാതെ കിശയിൽ നിന്ന് മെല്ലെ ഫോൺ എടുത്തു . വീട്ടിൽ നിന്ന് ഭാര്യയാണ്*

*ജാലകത്തിനു സമീപം നിന്ന് കണ്ണുകൾ പുറത്തേക്കിട്ട് ഹെഡ്മാസ്റ്റർ വരുന്നില്ലെന്നു ഉറപ്പുവരുത്തി ഫോൺ ചെവിയോടടുപ്പിച്ചു .*

*വെപ്രാളത്തോടെ ഭാര്യപറഞ്ഞു അമ്മക്ക് നെഞ്ചുവേദന കൂടിയിരിക്കുകയാണ് .*

*വിട്ടിനകത്തുള്ള ക്ലീനിക്കൽനിന്നാണ് ഞാൻ വിളിക്കുന്നത്. ഇ . സി . ജി എടുത്തു അറ്റാക്കാണെന്നാണ് ഡോക്ടർ പറഞ്ഞത് സൗകര്യമുള്ള മറ്റേതെങ്കിലും ഹോസ്പിറ്റലിൽ ഉടൻ കൊണ്ടുപോകണം .*

*സഹായത്തിനു കൂടെ ആരുമില്ല. നിങ്ങൾ വേഗം വാഹനവുമായി വരണം .*

*അയാൾ ഫോൺ സ്വിച് ഓഫ് ചെയ്തു കീശയിലോട്ടിട്ടു.*

*പണത്തിന്റെ കാര്യമോർത്തപ്പോഴാണ്പെട്ടന്ന് ' ഗ്രീൻ ഹെൽത്തി ന്റെ' കാര്യംഓർമ്മയിൽ വന്നത്.*

*ഒരു വർഷത്തേക്കു കുടുംബത്തെ ഗ്രീൻ ഹെൽത്തിൽ ഇൻഷ്വർ ചെയ്തതാണ്. പതിനയ്യായിരംരൂപയാണ് പ്രീമിയം അടച്ചത് കാലാവധി തീരാൻ ഒരാഴ്ച്മാത്രം ബാക്കിയുള്ളതിനാൽ ദു:ഖിച്ചിരിക്കുകയായിരുന്നു. വെറുതെ പണം നഷ്ടമാകുമല്ലോ എന്നോർത്ത്.*

*അന്നേരമാണ് മിടുക്കരായ നാലഞ്ചുകുട്ടികൾ എഴുന്നേറ്റുനിന്ന് ഒറ്റ സ്വരത്തിൽ ഉറക്കെ വിളിച്ചു പറഞ്ഞത്.*

*സാർ.. ഉത്തരം കിട്ടി. നഷ്ടമാണ്..*

*സദാനന്ദൻമാഷ് കുട്ടികളുടെ മുഖത്ത് നോക്കി അൽപനേരം നിന്നു .*

*മുഖത്തുവിരിഞ്ഞ ചെറുചിരിയോടെ പറഞ്ഞു:*

*നഷ്ടമായില്ല മകളെ, ലാഭമാണ്... ലാഭം....'*

*അയാൾ ഹെഡ്മാസ്റ്ററുടെ മുറിയെ ലക്ഷ്യം വച്ച് വേഗം നടന്നു.*

*ആർക്കാണ് കണക്കുപിഴച്ചതെന്നറിയാതെ കുട്ടികൾ പരസ്പരം നോക്കുകയാണ്.*

കുഞ്ഞിക്കവിതകൾ

## ആട്ടിൻ കുട്ടി

കൂട്ടം തെറ്റിയൊരാട്ടിൻ കുട്ടി
വീടിൻ മുറ്റത്തെത്തി.
ആട്ടിൻ കുട്ടിയെ കണ്ടൊരു കുട്ടി
ഓടിയടുത്തങ്ങെത്തി
കുട്ടിയും ആട്ടിൻകുട്ടീം കൂട്ടായ്
മുറ്റത്തൂടങ്ങോടി

## കരിമ്പാറ

ഹമ്പോ! വമ്പൻ
കരിമ്പാറ വന്നേ
തുമ്പിയും നീട്ടി
കരിമ്പങ്ങ് തിന്നേ!

തുമ്പിക്കൈയിൽ
ഉറുമ്പൊന്ന് കടിച്ചേ.
ഹമ്പോ! വമ്പൻ
പമ്പ കടന്നേ!

കഥ

# അത്യാഗ്രഹം ആപത്ത്

ഒരിടത്തൊരിടത്ത് സോഫി എന്നു പറയുന്ന ഒരു കുട്ടി ഉണ്ടായിരുന്നു. അവളുടെ വീടിനടുത്ത് മനോഹരമായ ഒരു ചെറിയ പൂന്തോട്ടം ഉണ്ടായിരുന്നു.അവളുടെ ചങ്ങാതി ആയിരുന്നു അപ്പുക്കുട്ടൻ. അവർ ഇരുവരും ഒന്നിച്ച് എന്നും പൂന്തോട്ടത്തിൽ പുഷ്പങ്ങൾ പറിക്കാൻ പോകുമായിരുന്നു.അപ്പുക്കുട്ടൻ കൗശലക്കാരൻ ആയിരുന്നു. സോഫിയോ പാവം.അവൾ എന്നും അപ്പുക്കുട്ടനോട് പറയും "കുറച്ച് പുഷ്പങ്ങൾ പറിച്ചാൽ മതി.അല്ലെങ്കിൽ ഓണക്കാലം വരുമ്പോൾ അത്തപ്പൂക്കളം ഇടാൻ പുഷ്പങ്ങൾ ഇല്ലാതെ വരും." അപ്പുക്കുട്ടൻ പറഞ്ഞു,ഞാൻ സമ്മതിക്കില്ല.ശോഫി കുറച്ചു പുഷ്പങ്ങൾ പറിച്ചു.ഓണക്കാലം വന്നു. പൂന്തോട്ടത്തിലുള്ള പുഷ്പങ്ങൾ സോഫിക്ക് കിട്ടി.അപ്പുക്കുട്ടനോ ഒരു പുഷ്പം പോലും ഇല്ല. സോഫി അവളുടെ വീട്ടിൽ അത്തപ്പൂക്കളം ഇട്ടു.അന്ന് അപ്പുക്കുട്ടൻ ഓർത്തു ." സോഫി പറഞ്ഞത് കേട്ടാൽ മതിയായിരുന്നു.“
ഗുണപാഠം അത്യാഗ്രഹം ആപത്ത്

## **അക്കപ്പാട്ട്**

ഒന്നേയൊന്ന്
ഒന്നൊരു കുന്ന്
കന്നിൽക്കേറിയ
രണ്ട് മറിഞ്ഞു

ഇതു കണ്ടോടിയ
മൂന്നോ വീണു.
മൂന്നിന് താങ്ങായ്
നാലങ്ങെത്തി.
നാല് മറിഞ്ഞു
അഞ്ചിൻ മുകളിൽ
ആറു കടന്നൊരു
ഏഴങ്ങെത്തി.

ഏഴിനു കൂട്ടായ്
എട്ടും പിന്നൊരു
ഒമ്പതുമൊത്തൊരു
പത്തങ്ങെത്തി.

*മിനിക്കഥ*

# *നെൽച്ചെടി*

*അമ്പലത്തിലെ നിറപുത്തരിയാഘോഷത്തിൽ അമ്മയോടൊപ്പം പങ്കുകൊണ്ട കുട്ടിക്ക് പ്രസാദമായി കതിരണിഞ്ഞൊരു നെൽച്ചെടിയാണ് ലഭിച്ചത്.*
*നെല്ല് എന്നതിന് അരികായിക്കുന്ന ചെടി എന്ന് മാത്രമേ കുട്ടി കേട്ടിട്ടുണ്ടായിരുന്നുള്ളൂ. നേരിട്ടുകാണുന്നത് ആദ്യമായാണ്. നെല്ല് ചെടി മുഖത്തും തോളത്തും മാറത്തും മാറിമാറിവച്ച് കുട്ടി ആഹ്ലാദംകൊണ്ടു.*
*ഒരു അപൂർവ്വനിധിപോലെയാണ് കുട്ടി നെൽച്ചെടി സ്കൂളിലേക്കു കൊണ്ടുപോയത്. കൂട്ടുകാർ കൗതുകപൂർവം നോക്കികൊതിപൂണ്ടു . മാഷ് നെൽകൃഷിയെകുറിച്ച് ഒരുപാടുകാര്യങ്ങൾ പറഞ്ഞുകൊടുത്തു . കുട്ടിക്ക് അഭിമാനം തോന്നി .*
*രാത്രിയിൽ നെൽച്ചെടി ഹൃദയത്തോടു ചേർത്തുവച്ചാണ് കുട്ടി ഉറങ്ങാൻകിടന്നത് . കണ്ണടയ്ക്കുമ്പോഴും കതിരണിഞ്ഞ നെൽച്ചെടി തെളിഞ്ഞുനിന്നു. രാവിലെ ജ്യോമട്രീബോക്സിലെ സാധനങ്ങൾ നീക്കി വർണ്ണക്കടലാസ്സവച്ച നെൽച്ചെടി മടക്കി അതിനുള്ളിലാക്കി . എന്തുകൊണ്ടോ കല്ലറയിൽ ശവം അടക്കംചെയ്യുന്ന ഓർമകളാണ് കുട്ടിക്കുണ്ടായത്.*

# മുയലിന്റെ മോഹം

തടിയൂരുള്ളൊരു കോലൻ മുയലിന്,
തടി വയ്ക്കാനൊരു കൊതി തോന്നി.
വെറുതെയങ്ങു തടിച്ചാൽ പോരാ,
ആനേ പ്പോലെ തടിക്കേണം!

തടിവയ്ക്കാനതി മോഹവുമായി
അങ്ങനെയങ്ങനെ പോകുമ്പോൾ
അകലെക്കണ്ടു ആനച്ചേട്ടൻ
ചക്കപ്പഴമതു തിന്നുന്നു

അതു കണ്ടപ്പോൾ കോലൻ മുയലിന്
ചക്കകൾ തിന്നാൻ കൊതിയായി
ചക്കപ്പഴമതു തിന്നിട്ടല്ലേ
ആനകൾ വീർത്തു തടിക്കുന്നു

ഒട്ടും വൈകാതോടിപ്പോയി
പ്ലാവിൽക്കയറി കോലപ്പൻ
മുട്ടൻ ചക്കയൊരെണ്ണം ചെത്തി
താഴേക്കിട്ടു

പെട്ടന്നയ്യോ നിലവിളി കേട്ടു
താഴേ നിൽപ്പൂ സിംഹച്ചാർ
സിംഹച്ചാരുടെ മുതുകത്തയ്യോ
ചക്ക പതിച്ചല്ലോ

വേദന കൊണ്ടു പുളഞ്ഞു സിംഹം
മുയലച്ചാരെ പിടികൂടി
പിന്നെയെടുത്തൊരു ഏറു കൊടുത്തു
പുഴയിൽ വീണു മുയലച്ചൻ

അതിമോഹത്താൽ തനിക്കു പറ്റിയ
പറ്റെന്നോർത്തു മുയലച്ചൻ.
ആന കണക്കു തടിച്ചതുമില്ല
നനഞ്ഞു കുളിച്ചേ മുയലച്ചൻ.

## ചിരിയും കരച്ചിലും

ചിരിയും കരച്ചിലും കൂട്ടുകാരായിരുന്നു.ഒരു ദിവസം കരച്ചിൽ നോക്കിയപ്പോൾ ചിരി അതാ പൊട്ടിക്കരയുന്നു!നീയെന്തിനാ കരയുന്നത്?കരച്ചിൽ ചോദിച്ചു.കണ്ണു തുടച്ച് ചിരി പറഞ്ഞു,"ചിരിച്ചു ചിരിച്ചു ക്ഷീണിച്ചതുകൊണ്ടാ!"ഇതു കേട്ട് കരച്ചിൽ പൊട്ടിച്ചിരിച്ചു!ചിരിച്ചു ക്ഷീണിച്ചുകൊണ്ട് കരയുന്നതത്രേ! നല്ല തമാശ!അന്നാദ്യമായാണ് ചിരി കരച്ചിലിൽ ചിരിക്കുന്നത് കാണുന്നത്.ചിരിക്ക് സന്തോഷമായി.കരച്ചിലിനേയും സന്തോഷിപ്പിക്കാൻ തനിക്ക് കഴിഞ്ഞല്ലോ.അതോർത്ത് ചിരി വീണ്ടും ചിരിക്കാൻ തുടങ്ങി.അതോടെ ചിരിക്ക് മനസ്സിലായി : തന്റെ ജോലി കരയുന്നവരേപ്പോലും ചിരിപ്പിക്കലാണ്.അന്നുമുതൽ ചിരി ഒരിക്കലും കരഞ്ഞിട്ടില്ല.മാത്രമല്ല,കരയുന്നവരെ ചിരിപ്പിക്കാൻ ശ്രമിച്ചുകൊണ്ടേയിരുന്നു.

## ആരാണ് ?

നേരമിരുട്ടുമ്പോഴേക്കാരാ
ടോർച്ച് തെളിച്ചു നടക്കുന്നു ?
നേരേ മുമ്പിലിരുന്നിവനാരാ
ഡാൻസു കളിച്ചു പറക്കുന്നു ?
മാവിൻ കൊമ്പിൽ കേറീട്ടുടനെ
മിന്നിപ്പാറിയിറങ്ങുന്നു.
മാനത്തേക്കു പറന്നിവനവിടെ
ചേലിൽ ചിത്രം മെനയുന്നു!

# മഹാനിധി

## കഥ

ചപ്പു ചവറുകൾ ശേഖരിക്കുന്ന വണ്ടിയിൽ നിന്ന് രഘു ഇറങ്ങി. അയാൾ ചാക്കുകെട്ടുകൾ ഓരോന്നായി വണ്ടിയിലേക്ക് എടുത്ത് എറിഞ്ഞു. പെട്ടന്ന് ഒരു ചാക്കുകെട്ട് ഇളകുന്നതായി അയാൾക്ക് തോന്നി അയാൾ ചാക്കുകെട്ടിനെ സമീപിച്ചു. എന്തായിരിക്കാം? വല്ല നായയോ പൂച്ചയോ. അയാൾ കൈയിൽ പരുത്ത വടിയെടുത്ത് കെട്ടഴിച്ചപ്പോൾ വിശ്വസിക്കാൻ കഴിയാതെ അയാൾ നിന്നു വിയർത്തു. തൊണ്ട വരണ്ടു ശബ്ദം ഒരു നേർത്ത തേങ്ങലായി. വണ്ടിയിൽ നിന്ന് വെള്ളമെടുത്ത്, ഒറ്റ വലിക്ക് കാലിയാക്കാൻ ശ്രമിക്കെ വിറയാർന്ന ഒരു കൈ നീണ്ടു വന്നു അവ്യക്തമായ ശബ്ദം പുറപ്പെടുവിച്ചു. അപ്പോൾ അയാൾ വ്യക്തമായി കണ്ടു.
വായ പ്ലാസ്റ്റിക്കു കൊണ്ട് ഒട്ടിച്ച ഒരു വൃദ്ധയെ. അയാൾ പ്ലാസ്റ്റിക്ക് വലിച്ചെടുത്ത് കെട്ടുകൾ അഴിച്ചു.
മോനെ ഒരിറക്ക്... വിറയാർന്ന വാക്കുകൾ ഘനീഭവിച്ചു പുറത്തുവന്നു. രഘു വിന് സ്വന്തം അമ്മയെ ഓർമ്മ വന്നു.അയാൾ പെട്ടന്ന് അവരെ കോരിയെടുത്ത് വണ്ടി ശരം വേഗത്തിൽ അടുത്ത സർക്കാർ ആശുപത്രിയെ ലക്ഷ്യമാക്കി പാഞ്ഞു.ആ അമ്മ മരണത്തിൻറ്റെ കരിമ്പടം ദൂരെ എറിഞ്ഞു. മഹാനിധിയുടെ ഉടമയാകാൻ കഴിഞ്ഞതിൽ സ്വസ്ഥമായി മയങ്ങി. അപ്പോൾ ആ വണ്ടിക്ക് ചന്ദനത്തിന്റെ സുഗന്ധമായിരുന്നു.

# മണ്ടൻ കുറുക്കൻ

ഒരിടത്ത് ഒരു മണ്ടൻ കുറുക്കൻ ഉണ്ടായിരുന്നു.ജിറാഫിനെപ്പോലെ പൊക്കം വേണം..അതാണ് മണ്ടൻ കുറുക്കന്റെ മോഹം.അതറിഞ്ഞ ഒരു കിളി അവനെ പറ്റിക്കാൻ തീരുമാനിച്ചു.

"കുറുക്കാ, കുറുക്കാ,എപ്പോഴും മുകളിലേക്കു നോക്കി നടന്നാൽ പൊക്കം കൂടും.”

കിളി പറഞ്ഞതുകേട്ട മണ്ടൻ കുറുക്കൻ മാനം നോക്കി നടക്കാൻ തുടങ്ങി.അങ്ങനെ നടന്നപ്പോഴോ ?വഴിയിലെ ഒരു കുഴി മണ്ടൻ കണ്ടില്ല! കുറുക്കൻ ഒറ്റ വീഴ്ച!

ജിറാഫിനെപ്പോലെ പൊക്കം വേണമെന്ന മോഹം അതോടെ മണ്ടൻ കുറുക്കൻ കളഞ്ഞു.

# Autobiography of a seed

On one rainy night
On a windy night
I flew up!!
I am a seed
As small as a bead
I landed upon a building
Ever so tall!!
Oh I wondered where I was!
I landed on a floor made of cement
As cold as ice
And not even a mouse to be heard
I asked the floor where I was
He told me ,you are in a school and I'm your boss
He grumbled unhappily
I tried to sleep
But never did I sleep as the plants near me
Were picking me so hard and deep
I felt thankful when the sun let his rays
Touch me with his daily warmth
I grumbled to myself
Weren't supposed to lay my head
On the soft soil bed?
Weren't I to be taken care of?
And here I am sitting out in the cold
But Somehow I managed to grow
I have grown here!!
The rain fed me and and the sun gave its warmth
And here I am,good and strong

## നമ്മുടെ കുടുംബം

ഒരു കുടുംബം പൂർത്തിയാകണമെങ്കിൽ വല്ല്യപ്പൻ, വല്ല്യമ്മ,അപ്പൻ,അമ്മ, സഹോദരി സഹോദരൻമാർ എന്നിവർ ചേരണം.കുടുംബത്തിൽ ഏറ്റവും പ്രധാനമായി ദൈവത്തിന്റെ അനുഗ്രഹം വേണം. എന്നാൽ മാത്രമേ കുടുംബം സന്തോഷമായി നിൽക്കുകയുള്ളൂ.കുട്ടികളായ നമ്മൾ എപ്പോഴും ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. നമ്മൾ നമ്മുടെ മാതാപിതാക്കളെ അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്താൽ മാത്രമേ നമുക്ക് ഏറ്റവും നല്ല കുട്ടികളായി തീരാൻ കഴിയുള്ളൂ. ഇത്രയും കാര്യങ്ങൾ ഭംഗിയായി ചെയ്താൽ മാത്രമാണ് നമുക്ക് നല്ലൊരു കുടുംബം ഉണ്ടാക്കാൻ കഴിയുള്ളൂ.

## വായന വളരട്ടെ

ഒരു വ്യക്തിയുടെ ജീവിതത്തിൽ വളരെ അത്യാവശ്യമായി ഉണ്ടായിരിക്കേണ്ട ഒരു സ്വഭാവഗുണമാണ് വായനാശീലം. വ്യക്തിത്വവികസനത്തിന് ഇത് വളരെ ആവശ്യമാണ്.നമ്മുടെ ചരിത്രത്തെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചും നാം മനസ്സിലാക്കുന്നത് വായനയിലൂടെയാണ്.വായന നമ്മുടെ അറിവ് വർധിപ്പിക്കുന്നതോടൊപ്പം നമ്മുടെ മനസ്സ് വിശാലമാക്കുകയും ചെയ്യുന്നു.നമ്മുടെ ബുദ്ധിയേയും സ്വഭാവത്തേയും ചിന്തയേയും സ്വപ്നങ്ങളേയും വളർത്തി പരിപോഷിപ്പിക്കാൻ വായനയ്ക്കു കഴിയും. ഇന്ന് വിജ്ഞാനത്തിന്റെ എല്ലാ ശാഖകളും അതിവേഗം വളർന്നുകൊണ്ടിരിക്കുകയാണ്. അപ്പോൾ എല്ലാറ്റിനെപ്പറ്റിയും ഒരു ഏകദേശ ജ്ഞാനം ഉണ്ടായിരിക്കണം.അതിന് വായന കൂടിയേ തീരൂ.കുഞ്ഞുണ്ണിമാഷ് പറഞ്ഞതുപോലെ വായിച്ചു വളർന്ന് വിളഞ്ഞ് നമുക്കും സമൂഹത്തിന് പ്രയോജനപ്രദമായിത്തീരാൻ ശ്രമിക്കാം.

കവിത

# കാത്തിരിപ്പ്

സന്ധ്യ മയങ്ങുമ്പോൾ നിന്റെ
വരവിനായ് ഞാൻ കാത്തിരിക്കുന്നു
നീ എൻ കൂടെ വരുന്നതിനായി
ഞാൻ കാത്തിരിക്കുന്നു.

പകലിനെ നോക്കി നീ
നെടുവീർപ്പിടുന്നതു കാണുമ്പോഴും
നിന്റെ വരവിനായി ഞാൻ
കാത്തിരിക്കുന്നു.

നിന്റെ സൗഹൃദത്തിനായി ഞാൻ
കാത്തിരിക്കുന്നു.
നീ എന്നെ വിട്ട് അകന്നപ്പോൾ
നിന്റെ സൗഹൃദത്തിനായി ഞാൻ
കാത്തിരിക്കുന്നു.

നിലാവിൽ നിന്നെ കാണുമ്പോൾ
നിൻ പ്രകാശം എന്നിൽ അലിയുമ്പോൾ
നിന്റെയടുത്തു വരുവാനായി
ഞാൻ വെമ്പൽ കൊള്ളുന്നു
നിൻ പൂർണ്ണതയെ കാണാൻ
ഞാൻ എത്രയോ നാൾ കാത്തിരിക്കുന്നു................

# A BUS RIDE IN KERALA

The bus comes to stop,
You struggle to get on top,
You scramble to the door,
But you land up on the floor!
You turn to get a seat,
But land on someones foot,

You try to hold onto a seat with care,
But when the bus jerks,
You lose your fare.
The conductor asks for the ticket,
Alas! someone has picked your pocket.
You land up in the police station,
For away for your destination.

## കവിത

### പ്രീയസഖി

പ്രീയേ നീയെത്ര മനോഹാരിത-
യാർജിച്ചെന്നുള്ളിൽ വാഴുന്നു
അങ്ങുയരത്തിലങ്ങാഴത്തിൽ
അങ്ങനെയെത്ര പറഞ്ഞാലും
പറഞ്ഞുതീരാനാവാതെ നീ-
യെന്നോർമ്മകളിലൂടകലയാകുന്നു.

എന്നാവലാതികളെല്ലാം മറന്നു-
ഞാൻ നിന്നിലേയ്ക്കടുക്കുമ്പോ
ളെന്തേ, നീ അതിവേഗത്തിൽ,
പറയുന്നു, എൻ പ്രീയസഖീ!
നീയില്ലാതെൻ ജന്മമുണ്ടോ-
യെൻ, പ്രാണസഖീ!

നീയാണെൻ സർവവും
എന്റെയെല്ലാമെല്ലാമായി നീ-
യെന്നുള്ളത്തിൽ വാഴുന്നു
ഒരു ഞെട്ടലിൽ നിന്നെ
ഞാനറിഞ്ഞുയെൻ സഖീ,
എൻ പ്രീയസഖീ,നിദ്രാദേവീ!!

നന്ദി

ഡിജിറ്റൽ മാഗസിൻ തയ്യാറാക്കാൻ സഹകരിച്ച എല്ലാവർക്കും നന്ദി.!!!